# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2753 20.06.2013-ന് മറുപടിയ്ക്ക്

### വില്ലേജ് ഓഫീസിലെ ഉദ്യോഗസ്ഥർക്ക് പെരുമാറ്റ പരിശീലനം

| ചോദ്യം<br>ശ്രീ. എം.പി.വിൻസെന്റ് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) വില്ലേജാഫീസുകളിലെ ഉദ്യോഗസ്ഥർക്ക് പെരുമാറ്റ പരിശീലനം നൽകുമ്പോൾ അതിൽ അഴിമതി വിരുദ്ധമായ സേവനം സംബന്ധിച്ച പരിശീലനം നൽകുമോ;<br><br>(ബി) കൈക്കൂലിക്കെതിരായ ബോധവൽക്കരണം പ്രസ്തുത പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (എ) & (ബി) വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസുകളിലെത്തുന്ന പൊതുജനങ്ങൾക്ക് സുതാര്യവും കാര്യക്ഷമവുമായ സേവനവും, സൗഹാർദ്ദപരമായ പെരുമാറ്റവും ഉറപ്പുവരുത്തുന്നതിനായി വില്ലേജ് ജീവനക്കാർക്ക് വ്യക്തിത്വവികാസം, മനോഭാവ പരിശീലനം എന്നിവയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ പതിനാല് ജില്ലാ കേന്ദ്രങ്ങളിലും പരിശീലനം ആരംഭിച്ചിട്ടുണ്ട്. സൽഭരണം, അഴിമതി നിർമ്മാർജ്ജനം, സുതാര്യത, ധാർമ്മിക മൂല്യങ്ങൾ ഉയർത്തുന്നതിനുള്ള മനോഭാവം തുടങ്ങിയ വിഷയങ്ങൾ പ്രസ്തുത പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ